(ബി-ഡി) പൊതുവിതരണത്തിനായുള്ള ഭക്ഷ്യധാന്യങ്ങളും മണ്ണെണ്ണയും വിതരണത്തിനായി കൊണ്ടുപോകുന്ന വാഹനങ്ങൾ മോണിറ്റർ ചെയ്ത് സുതാര്യത ഉറപ്പുവരുത്തുക എന്നതാണ് ഈ സംവിധാനത്തിന്റെ ഉദ്ദേശ്യലക്ഷ്യം.

റേഷൻ ഷോപ്പുകളുടെ പ്രവർത്തനം

221(3145) ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) റേഷൻ ഷോപ്പുകളുടെ നവീകരണത്തിനും സാധനങ്ങൾ കൃത്യമായി ഗുണഭോക്താക്കൾക്ക് ലഭിക്കുന്നു എന്ന് ഉറപ്പ് വരുത്തുന്നതിനും എന്തെല്ലാം നടപടികൾ സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നു എന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) റേഷൻ ഷോപ്പുകളുടെ നവീകരണത്തിനും സാധനങ്ങൾ കൃത്യമായി ഗുണഭോക്താക്കൾക്ക് ലഭിക്കുന്നുവെന്ന് ഉറപ്പ് വരുത്തുന്നതിനുമായി സംസ്ഥാനത്ത് പൊതുവിതരണ സംവിധാനത്തിന്റെ സമഗ്ര നവീകരണത്തിന്റെ ഭാഗമായി എൻഡ്-ടു-എൻഡ് കമ്പ്യൂട്ടർവൽക്കരണം നടപ്പിലാക്കാൻ തീരുമാനിക്കുകയും ഇതിന്റെ ഭാഗമായി വകുപ്പുതലത്തിൽ തയ്യാറാക്കിയ വിശദമായ പ്രോജക്ട് പ്രൊപ്പോസൽ മന്ത്രിസഭ 31-5-14-ലെ സ.ഉ.(കൈ)നമ്പർ.18/14/ഭ.പൊ.വി.വ. പ്രകാരം തത്വത്തിൽ അംഗീകരിച്ചിട്ടുണ്ട്.

1. റേഷൻ ഗുണഭോക്താക്കളുടെ വിവരങ്ങൾ പൂർണ്ണമായും ഡിജിറ്റൈസ് ചെയ്യുക.

2. എഫ്.സി.ഐ. മുതൽ എ.ആർ.ഡി. വരെയുള്ള വിതരണ ശൃംഖല പൂർണ്ണമായും കമ്പ്യൂട്ടർവൽക്കരിക്കുകയും, ഭക്ഷ്യധാന്യങ്ങൾ ഒരു സർക്കാർ സംവിധാനത്തിലൂടെ നേരിട്ട് എ.ആർ.ഡി.കളിൽ എത്തിക്കുന്നതിനുള്ള സംവിധാനം ഒരുക്കുക.

3. എ.ആർ.ഡി. നവീകരണത്തിലൂടെ ഗുണഭോക്താവിനെ ശാസ്ത്രീയമായി തിരിച്ചറിഞ്ഞ് റേഷൻ കടകളിലൂടെ ഭക്ഷ്യധാന്യങ്ങൾ വിതരണം ചെയ്യുന്നതിനുള്ള സംവിധാനം ഒരുക്കുക.

4. ഗുണഭോക്താവിന് സുതാര്യമായ പരാതി പരിഹാര സംവിധാനം ഒരുക്കുക.

LIBRARY ARCHIVES Kerala Legislative Assembly

ഇത് നടപ്പാക്കുന്നതിലൂടെ യഥാർത്ഥ ഗുണഭോക്താവിനെ ശാസ്ത്രീയമായി തിരിച്ചറിഞ്ഞ് അവർക്ക് അനുവദിക്കപ്പെട്ടിട്ടുള്ള ഭക്ഷ്യധാന്യങ്ങൾ റേഷൻകടകൾ വഴി ലഭ്യമാക്കുന്നതാണ്. പദ്ധതി നടപ്പിലാക്കുന്നതിലൂടെ സർക്കാർ അനുവദിക്കുന്ന അളവിലും ഗുണത്തിലും വ്യത്യാസംവരാതെ റേഷൻ സാധനങ്ങൾ ലഭ്യമാകുന്നതിന് സുതാര്യമായ ഓൺലൈൻ സംവിധാനം പൊതുജനങ്ങൾക്ക് ലഭിക്കുന്നു.

ഭക്ഷ്യ വിതരണത്തിനായി എൻഡ് ടു എൻഡ് പദ്ധതി

222(3146) ശ്രീ. കെ. അച്ചുതൻ :

ശ്രീ. ബെന്നി ബെഹനാൻ :

ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ :

ശ്രീ. ഷാഫി പറമ്പിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഭക്ഷ്യവിതരണത്തിനായി എൻഡ് ടു എൻഡ് പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോ ; വിശദമാക്കുമോ ;

(ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാനുദ്ദേശിക്കുന്നത് ; വിശദാംശങ്ങൾ എന്തെല്ലാം ;

(സി) റേഷൻ വിതരണത്തിന് പ്രസ്തുത പദ്ധതിപ്രകാരം എന്തെല്ലാം സംവിധാനങ്ങളാണ് ഏർപ്പെടുത്തിയിട്ടുള്ളത് ; വിശദമാക്കുമോ ;

(ഡി) പദ്ധതി നടത്തിപ്പിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ; വിശദാംശങ്ങൾ വ്യക്തമാക്കുമോ ?

ഉത്തരം

(എ) സംസ്ഥാനത്ത് പൊതുവിതരണ സംവിധാനത്തിന്റെ സമഗ്ര നവീകരണത്തിന്റെ ഭാഗമായി എൻഡ് ടു എൻഡ് കമ്പ്യൂട്ടർവൽക്കരണം നടപ്പിലാക്കുവാൻ തീരുമാനിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly